**No. CEE/4848/2013/KEAM-2014/TA1**

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## പത്രക്കുറിപ്പ്

### 2014-ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള മൂന്നാം ഘട്ട അലോട്ട്മെന്റ് അഡ്മിഷൻ ഷെഡ്യൂൾ പ്രസിദ്ധീകരിച്ചു.

2014–ലെ എം.ബി.ബി.എസ്/ബി.ഡി.എസ് ഒഴികെയുള്ള പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട അലോട്ട്മെന്റ് ഇന്ന് പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഫീസ്/അധിക തുക പ്രവേശന പരീക്ഷാ കമ്മീഷണർക്ക് **2014 ജൂലൈ 24, 25** തിയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ അടയ്ക്കേണ്ടതാണ്. സർക്കാർ/സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്നവർ അതത് കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. മേൽപ്പറഞ്ഞ കോളേജുകളിൽ പ്രവേശനം നേടേണ്ട തീയതിയും സമയക്രമവും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ ഒഴികെയുള്ള കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിച്ചവർ ഫീസ്/അധിക തുക പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടച്ചാൽ മതിയാകും. ഇവർ കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതില്ല.

കൂടുതൽ വിവരങ്ങൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
23.07.2014